# കേരളത്തിലെ പലിശരഹിത സ്ഥാപനങ്ങളുടെ പ്രവർത്തന രീതി



അബ്ദുൽ ലത്തീഫ് മാറഞ്ചേരി അസി: സെക്രട്ടറി *INFECC* കേരള

**ഇ**സ്ലാമികപ്രസ്ഥാനം കേരളത്തിൽ പ്രവർത്തനം ആരംഭിച്ച കാലം മുതൽതന്നെ ഇസ്ലാമിക സാമ്പത്തികക്രമത്തിന്റെ കൊച്ചു മാതൃകകൾ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ഥാപിക്കുകയും മാതൃകാപരമായ പ്രവർത്തനം കാഴ്ചവെക്കുകയും ചെയ്തിരുന്നു. പലിശക്കെതിരെ ശക്തമായ നിലപാട് കൈ ക്കൊള്ളുന്നതോടൊപ്പം പ്രായോഗികമായി പലിശരഹിത സാമ്പത്തികബദലുകൾ തുടങ്ങുവാൻ പ്രേരിപ്പിക്കുകയും ചെയ്തു. 1999ൽ സംസ്ഥാനവ്യാപകമായി പലിശക്കെതിരെ സംഘടിപ്പിച്ച കാമ്പയിന് ശേഷമാണ് കേരളത്തിൽ കൂടുതൽ പലിശരഹിത നിധികൾ സ്ഥാപിതമായതും നിലവിലുള്ളവയുടെ മൂലധനം വർധിപ്പിച്ചതും.

വിവിധ പ്രദേശങ്ങളിൽ വ്യത്യസ്തമായ രീതിയിൽ ആരംഭിച്ച പലിശരഹിതനിധികളെ നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും മാർഗനിർദ്ദേശം നൽകുന്നതിനും സംസ്ഥാന തലത്തിൽ 2000ൽ ഒരു കോർഡിനേഷൻ കമ്മിറ്റിക്ക് രൂപം നൽകി. ഇന്ററസ്റ്റ് ഫ്രീ എസ്റ്റാബ്ലിഷ്മെന്റ് ആന്റ് കോർഡിനേഷൻ കമ്മിറ്റി (INFECC) എന്ന പേരിൽ രൂപീകരിച്ച ഈ ബോഡിയുടെ ചെയർമാൻ ജമാഅത്തെ ഇസ്ലാമി സംസ്ഥാന അമീറാണ്.

മുന്നൂറിലധികം പലിശരഹിതനിധികൾ ഇപ്പോൾ കേരളത്തിൽ വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഭൂരിഭാഗവും 'ഇൻഫെകിൽ' രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ വാർഷികകണക്കുകൾ ഓഡിറ്റു ചെയ്യുക, അവയ്ക്കുവേണ്ടി ശിൽപശാലകൾ നടത്തുകയും മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക എന്നിവ 'ഇൻഫെകി'ന്റെ ചുമതലകളാണ്. 'ഇൻഫെകി'ന്റെ പലനിധികളും അതത് പ്രദേശത്തിന്റെ സാമ്പത്തിക ഉയർച്ചക്കും പലിശയെന്ന കൊടുചൂഷണത്തെ നിർമാർജ്ജനം ചെയ്യുന്നതിനും സഹായകമായിട്ടുണ്ട്. മൂലധനത്തിന്റെ ഒരുഭാഗം ലാഭകരമായ സംരംഭങ്ങളിൽ മുടക്കി മൂലധന വർധനവ് ഉണ്ടാക്കിയതോടൊപ്പം, സ്വയംതൊഴിൽസംരംഭങ്ങൾ കണ്ടെത്തുന്നതിനും ഇത്

പ്രയോജനപ്പെടും.

കേരളത്തിലെ പലിശരഹിത സ്ഥാപനങ്ങൾ മൂന്ന് രീതികളിലാണ് പ്രവർത്തിക്കുന്നത്.

### ഈട് വാങ്ങി കടംകൊടുക്കുന്ന രീതി

സ്വർണമോ മറ്റോ ഈടായി വാങ്ങി നിശ്ചിത അവധിക്ക് കടം കൊടുക്കുന്ന രീതിയാണിത്. തുടക്കത്തിൽ ഭൂരിഭാഗം പലിശരഹിത നിധികളും ഈ രീതിയിലാണ് ഇടപാടുകൾ നടത്തിയിരുന്നത്. വായ്പ നൽകുന്ന സംഖ്യക്ക് സുരക്ഷിതത്വം ഉള്ളതാണ് ഈ രീതിയുടെ ഏറ്റവും വലിയ പ്രത്യേകത. നിശ്ചിത അവധിക്ക് വായ്പ സംഖ്യ തിരിച്ച് തന്നില്ലെങ്കിൽ പണയ ഈട് വിറ്റ് വായ്പാ സംഖ്യ വസൂൽ ചെയ്യാവുന്നതാണ്. ഈട് വസ്തുക്കളുടെ സൂക്ഷിപ്പും മതിയായ ഈട് വെക്കാൻ കഴിയാത്തവർക്ക് വായ്പ ലഭിക്കാത്തതും ഈ രീതിയുടെ വലിയ ന്യൂനതയാണ്. ഈട് പണയമായുള്ളതുകൊണ്ട് സമയത്തിന് തിരിച്ചടക്കുവാൻ ഗുണഭോക്താവ് വൈമനസ്യം കാണിക്കുന്ന അവസ്ഥയും ഉണ്ടാകുന്നു.

### ജാമ്യവ്യവസ്ഥയിൽ കടം കൊടുക്കുന്ന രീതി



വിശ്വസ്തരായ ആളുകളുടെ ജാമ്യത്തിൽ പണം കടം കൊടുക്കുന്ന ഈ രീതിയിൽ അൽപം റിസ്ക് ഉണ്ടെങ്കിലും ജനകീയമാണ്. വ്യക്തമായ വ്യവസ്ഥകളോട് കൂടി ഈ രീതി നടപ്പിലാക്കിയപ്പോൾ വായ്പ കുടിശ്ശിക കുറയുകയാണുണ്ടായത്. ഉപഭോക്താവും നടത്തിപ്പുകാരനും കൂടാതെ ജാമ്യക്കാരനായി മൂന്നാമതൊരാൾ കൂടി ഉള്ളതുകൊണ്ട് തിരിച്ചടക്കാൻ ഉപഭോക്താവിന് കൂടുതൽ പ്രേരണ ഉണ്ടാകുന്നു.

### അയൽക്കൂട്ടങ്ങൾ വഴിയുള്ള വായ്പ

അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് പലിശരഹിത വായ്പകളും ചെറുകിട സ്വയം സംരംഭ സഹായവും നൽകുന്ന രീതി ഏറെ ജനകീയവും പരസ്പര സഹകരണത്തിലധിഷ്ഠിതവുമാണ്. അയൽക്കൂട്ട അംഗങ്ങളുടെ സ്വയം സമ്പാദ്യ പദ്ധതി കൂടി ഇതിലുള്ളതു കൊണ്ട് താൽക്കാലിക മൂലധനം തുടർച്ചയായി വന്നുകൊണ്ടിരിക്കും. താൽക്കാലിക പലിശ രഹിത വായ്പകൾ അയൽക്കൂട്ട അംഗങ്ങളുടെ ജാമ്യത്തിൽ നൽകുന്നത് കൊണ്ട് വായ്പയുടെ തിരിച്ചടവ് കൃത്യമായിരിക്കും. ആഴ്ചയിൽ സമ്പാദ്യ പദ്ധതി അടക്കുന്നതോടൊപ്പം വായ്പ സംഖ്യ ഗഡുക്കളായി അടക്കുന്നതിന് അംഗങ്ങൾക്ക് അവസരം ലഭിക്കുന്നു.

അയൽക്കൂട്ട അംഗങ്ങൾക്ക് സ്വന്തമായോ കൂട്ടമായോ സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിന് അയൽക്കൂട്ട സംവിധാനം പ്രയോജനപ്പെടുന്നു. അയൽക്കൂട്ട സംവിധാനം വഴി പലിശരഹിത വായ്പാസംവിധാനം മറ്റ് രണ്ട് രീതികളേക്കാൾ കൂടുതൽ ജനകീയമാണ്. അതുകൊണ്ടു തന്നെ കൂടുതൽ വായ്പകൾ നൽകാനും സാധിക്കുന്നു. ആഴ്ചതോറും അംഗങ്ങൾ അടക്കുന്ന സമ്പാദ്യപദ്ധതി ഉപയോഗപ്പെടുത്തി കൂടുതൽ പേർക്ക് സഹായം എത്തിക്കുന്നതിന് ഈ രീതി ഉപകരിക്കും. അയൽക്കൂട്ടങ്ങൾ വഴി സ്ത്രീകളിൽ നേതൃശേഷി വളർത്തുന്നതിന് സഹായകമാണ്.

ഓരോ പ്രദേശത്തിന്റെയും സാഹചര്യം നോക്കിയാണ് ഏത് രീതി സ്വീകരിക്കണമെന്ന് തീരുമാനിക്കുന്നത്. ജനങ്ങൾക്ക് ഏറ്റവും ഗുണകരമായ രീതിയായിരിക്കണം തെരഞ്ഞെടുക്കേണ്ടത്.